പാരിപ്പള്ളി പോലീസ് സ്റ്റേഷൻ

653 [946] ശ്രീ. ജെ. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ പാരിപ്പള്ളിയിൽ ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ട്.

(ബി) പാരിപ്പള്ളിയിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിന് 3.3.1979-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് ഔട്ട്പോസ്റ്റുകൾ

654 [947] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്നു നിലവിലുള്ള പോലീസ് ഔട്ട് പോസ്റ്റുകൾ എത്ര;

(ബി) ഇനിയും നടപ്പു വർഷത്തിൽ പുതിയതായി എത്ര ഔട്ട് പോസ്റ്റുകൾകൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) കൊട്ടാരക്കര താലൂക്കിൽ പുത്തൂരിൽ ഒരു ഔട്ട്പോസ്റ്റ് തുടങ്ങുന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ അവിടെ ഒരു ഔട്ട്പോസ്റ്റ് തുടങ്ങുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ ;

(ഇ) ഇതു സംബന്ധിച്ച് നാട്ടുകാരുടെ വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 108.

(ബി, സി, ഡി) ഔട്ട് പോസ്റ്റുകൾ പോലീസ് പ്രവർത്തനത്തിന് ഫലപ്രദമല്ല എന്നു കാണുകയാൽ മേലിൽ ഔട്ട്പോസ്റ്റുകൾ തുറക്കേണ്ടതില്ല എന്ന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) പുത്തൂരിൽ ഒരു പുതിയ പോലീസ് സ്റ്റേഷൻ തുടങ്ങേണ്ട ആവശ്യം ഇപ്പോൾ ഇല്ലാ എന്ന് അന്വേഷണത്തിൽ മനസ്സിലായതിനാൽ മേൽ നടപടികൾ സ്വീകരിച്ചില്ല.

ആർ. എസ്. എസ്.-ന്റെ ആക്രമണം

655 [948] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1978 ജനുവരിക്കുശേഷം ആർ. എസ്. എസ്.-ന്റെ ആക്രമണത്തിൽ പെട്ട് കേരളത്തിൽ എത്ര പേർ മരിച്ചു;

(ബി) അവരുടെ പേരുകളും രാഷ്ട്രീയ പാർട്ടിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) നാല്.

(ബി)

	പേര്	രാഷ്ട്രീയപാർട്ടി
(1)	കൃഷ്ണപിള്ള	സി. പി. എം.
(2)	രാജു മാസ്റ്റർ	ടി
(3)	പവിത്രൻ	ടി
(4)	വർഗ്ഗീസ്	ഒരു രാഷ്ട്രീയ പാർട്ടിയിലും പെട്ട ആളല്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

656 [949] ശ്രീ. സി. എ. കുര്യൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞവർഷംനടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ ആർ. എസ്. എസ്. കാരുടെ ആക്രമണത്തിന് വിധേയരായി മരണപ്പെട്ടവർ എത്ര പേരുണ്ട്?

ഉത്തരം

3 പേർ കൊല്ലപ്പെട്ടിട്ടുണ്ട്.

പോലീസ് ഉദ്യോഗസ്ഥൻമാരുടെ യൂണിഫോറം

657 [950] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly